**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1640** **11-09-2023 - ൽ മറുപടിയ്ക്ക്**

**വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച ഉത്തരവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 1903-ലെ റവന്യൂ സെറ്റിൽമെന്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന പത്തനാപുരം, ചെങ്കോട്ട താലൂക്കുകളിൽ ഉൾപ്പെട്ടുവന്നിരുന്ന വില്ലേജുകൾ ഏതൊക്കെയാണെന്നും ഏതൊക്കെ വില്ലേജുകൾ വിഭജിച്ചാണ് തെന്മല വില്ലേജ് രൂപീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; പ്രസ്തുത വില്ലേജ് രൂപീകരിച്ചുകൊണ്ടുള്ള 1985-ലെ സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ; | (എ) | 1903-ലെ റവന്യൂ സെറ്റിൽമെന്റ് കാലയളവിൽ പത്തനാപുരം താലൂക്കിൽ പട്ടാഴി, മൈലം, തലവൂർ, വിളക്കുടി, പുനലൂർ, ഇടമുളയ്ക്കൽ, അഞ്ചൽ, പത്തനാപുരം വില്ലേജുകളും ചെങ്കോട്ട താലൂക്കിൽ ചെങ്കോട്ട, കർക്കുടി, കൊളിയറ, പുളൂർ, മേക്കര, അച്ഛൻപുത്തൂർ, ഇലത്തൂർ, ക്ലങ്ങാട്, ആയിക്കുടി, പാമ്പൂർവടകര വില്ലേജുകളും ഉൾപ്പെട്ടുവന്നിരുന്നു. പത്തനാപുരം വില്ലേജ് വിഭജിച്ചാണ് തെന്മല വില്ലേജ് രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത വില്ലേജ് രൂപീകരിച്ചു കൊണ്ടുള്ള ഉത്തരവ് കാലപ്പഴക്കം കാരണം ലഭ്യമല്ല. |
| (ബി) | 1903-ലെ റവന്യൂ സെറ്റിൽമെന്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന വില്ലേജുകളിൽ അഞ്ചൽ, പത്തനാപുരം വില്ലേജുകൾ വിഭജിച്ച് രൂപീകരിച്ച വില്ലേജുകൾ ഏതൊക്കെയാണ് വിശദമാക്കാമോ; | (ബി) | 1903-ലെ റവന്യൂ സെറ്റിൽമെന്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന വില്ലേജുകളിൽ അഞ്ചൽ വില്ലേജ് വിഭജിച്ച് കുളത്തുപ്പുഴ, തിങ്കൾക്കരിക്കകം, അലയമൺ, ചണ്ണപ്പേട്ട വില്ലേജുകളും പത്തനാപുരം വില്ലേജ് വിഭജിച്ച് പിറവന്തൂർ, പുന്നല, ഇടമൺ, തെന്മല വില്ലേജുകളും രൂപീകരിച്ചിട്ടുള്ളതാണ്. |
| (സി) | നിലവിലെ പുനലൂർ താലൂക്കിൽ ഉൾപ്പെട്ട് വരുന്ന ആര്യങ്കാവ് വില്ലേജ് ഏത് കാലയളവിൽ ഏത് വില്ലേജ് വിഭജിച്ചാണ് രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ആയത് സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കുമോ? | (സി) | നിലവിലെ പുനലൂർ താലൂക്കിൽ ഉൾപ്പെട്ടു വരുന്ന ആര്യങ്കാവ് വില്ലേജ് ചെങ്കോട്ട താലൂക്കിലെ പുളിയറ വില്ലേജ് വിഭജിച്ചാണ് രൂപീകരിച്ചിട്ടുള്ളത്. കാലപ്പഴക്കം കാരണം ടി വില്ലേജ് വിഭജിച്ച കാലയളവ്/ ഉത്തരവ് ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ